പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1438 30.9.2011 മറുപടിയ്ക്ക്

**കോലാഹലമേട് ഹൈടെക് ഡയറി ഫാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| എ) | കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന്റെ കോലാഹലമേട് ഹൈടെക് ഡയറി ഫാം നിർമ്മാണം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; | എ) | കോലാഹലമേട്ടിൽ ഹൈടെക് ഡയറി ഫാം സ്ഥാപിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. |
| ബി) | പ്രസ്തുത ഫാമിന്റെ നിർമ്മാണം പൂർത്തീകരിച്ച് എന്ന് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ; | ബി) | മൂന്ന് മാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) | പ്രാദേശിക ക്ഷീരോത്പാദകരെ പ്രസ്തുത ഫാമുമായി ബന്ധിപ്പിക്കുന്നതിനും ഈ മേഖലയിലെ പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | സി) | ഈ പദ്ധതിയ്ക്കു ചുറ്റും സാറ്റലൈറ്റ് ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ക്ഷീര വികസന വകുപ്പും കെ.എൽ.ഡി.ബോർഡും മൃഗസംരക്ഷണ വകുപ്പുമായി ചേർന്നാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ